**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5442** **05-07-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് ഈടാക്കുന്ന തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി ജീവനക്കാരിൽ നിന്നും 2022-23, 2023-24 സാമ്പത്തിക വർഷം എൻ.പി.എസ്. ഇനത്തിൽ ഈടാക്കിയ തുക എത്രയാണെന്ന് വിശദമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി. ജീവനക്കാരിൽ നിന്ന് 2022-2023 സാമ്പത്തിക വർഷം 32,19,98,618/- രൂപയും 2023-2024 സാമ്പത്തിക വർഷം 32,79,76,917/- രൂപയും എൻ.പി.എസ്. ഇനത്തിൽ ഈടാക്കിയിട്ടുണ്ട്. |
| (ബി) | ഇപ്രകാരം ഈടാക്കിയ തുകയിൽ നിന്ന് എൻ.പി.എസിലേക്ക് അടച്ച തുക എത്രയാണെന്നും കോർപ്പറേഷൻ വിഹിതമായി അടച്ച തുക എത്രയാണെന്നും പ്രത്യേകം വിശദമാക്കാമോ; | (ബി) | കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായതിനാൽ ജീവനക്കാരിൽ നിന്ന് ഈടാക്കിയ തുകയോ കോർപ്പറേഷന്റെ വിഹിതമോ കൃത്യമായി അടക്കുവാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ വിരമിച്ച ജീവനക്കാരുടെ ആനുകൂല്യമായ 45,08,742 രൂപ പ്രസ്തുത ജീവനക്കാരുടെ പ്രാൺ അക്കൗണ്ടിലേക്കു ഒടുക്കിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ കെ.എസ്.ആർ.ടി.സി ജീവനക്കാരിൽ നിന്നും 2022-23, 2023-24 സാമ്പത്തിക വർഷം സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ്, ജനറൽ ഇൻഷുറൻസ് സ്കീം ഇനങ്ങളിൽ ഈടാക്കിയ തുക എത്രയാണെന്ന് വിശദമാക്കാമോ; | (സി) | 2022-23 സാമ്പത്തിക വർഷം എസ്.എൽ.ഐ., ജി.ഐ.എസ്. എന്നീ ഇനങ്ങളിൽ 25,07,12,710/- രൂപയും, 2023-24 സാമ്പത്തിക വർഷത്തിൽ 24,73,87,610/- രൂപയുമാണ് ഈടാക്കിയത്. |
| (ഡി) | ഇപ്രകാരം ഈടാക്കിയ തുകയിൽ നിന്ന് പ്രസ്തുത സ്കീമുകളിലേക്ക് അടച്ച തുക എത്രയാണെന്ന് പ്രത്യേകം വിശദമാക്കാമോ; | (ഡി) | ഈടാക്കിയ തുകകൾ മുഴുവൻ പ്രസ്തുത സ്കീമുകളിലേക്ക് അടച്ചിട്ടുണ്ട്. |
| (ഇ) | കെ.എസ്.ആർ.ടി.സി ജീവനക്കാരിൽ നിന്ന് ശമ്പളത്തിൽ നിന്ന് നേരിട്ട് പിടിക്കുന്ന വായ്പകൾ, മറ്റ് അടവുകൾ തുടങ്ങിയവ ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്ക് നൽകുന്നതിൽ വീഴ്ച വന്നിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ഇ) | കടുത്ത സാമ്പത്തിക പ്രതിസന്ധി കാരണം ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും റിക്കവറി നടത്തുന്ന എൻ.പി.എസ്., എൻ.ഡി.ആർ., ഇൻഷ്വറൻസ് തുകകൾ യഥാസമയം ഒടുക്കുവാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ ജീവനക്കാർ നേരിടുന്ന ബുദ്ധിമുട്ട് മനസ്സിലാക്കി 2024 ജനുവരി മാസം മുതൽ പ്രതിദിന വരുമാനത്തിൽ നിന്നും ഒരു നിശ്ചിത തുക എൻ.ഡി.ആർ. ഒടുക്കുന്നതിനായി മാറ്റിവെച്ചുകൊണ്ട് ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും റിക്കവറി നടത്തിയ ഇൻഷ്വറൻസ് തുക (എസ്.എൽ.ഐ., |

| | | | |
|---|---|---|---|
| | | | ജി.ഐ.എസ്., എൽ.ഐ.സി.), കെ.എസ്.എഫ്.ഇ. റിക്കവറി എന്നിവ പൂർണ്ണമായും (05/2024 വരെ) ഒടുക്കിത്തീർത്തിട്ടുണ്ട്. കൂടാതെ വിവിധ സഹകരണ സൊസൈറ്റികളിലേക്കുള്ള കുടിശ്ശിക തുക ഘട്ടം ഘട്ടമായി ഒടുക്കിവരുന്നു. ഇപ്രകാരം ഡിസംബർ 2024-ഓടുകൂടി എൻ.ഡി.ആർ. കുടിശ്ശിക പൂർണ്ണമായും ഒടുക്കിത്തീർക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (എഫ്) | കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് നൽകേണ്ട വായ്പകൾ, മറ്റ് അടവുകൾ തുടങ്ങിയവ കൃത്യമായി ബന്ധപ്പെട്ട അക്കൗണ്ടിൽ അടയ്ക്കാത്ത സാഹചര്യത്തിൽ ജീവനക്കാരുടെ സിബിൽ സ്കോറിനെയും ക്രെഡിറ്റ് സ്കോറിനെയും ബാധിച്ചിട്ടുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെങ്കിലും നീക്കം കോർപ്പറേഷന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ? | (എഫ്) | കെ.എസ്.ആർ.ടി.സിയ്ക്ക് നിലവിലുള്ള സാമ്പത്തിക ബുദ്ധിമുട്ട് മൂലമാണ് ശമ്പളത്തിൽ നിന്നു പിടിക്കുന്ന എൻ.ഡി.ആർ. തുകകൾ യഥാസമയം അതാത് ധനകാര്യ സ്ഥാപനങ്ങളിലേക്ക് ഒടുക്കുവാൻ കഴിയാതെ വരുന്നത്. എന്നാൽ ഇതുമൂലം ജീവനക്കാരുടെ CIBIL Score, ക്രെഡിറ്റ് Score-നെ ബാധിച്ചതായുള്ള പരാതികൾ ലഭ്യമായിട്ടില്ല. കുടിശ്ശിക തുക ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ